"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ശ്രീമതി.ശ്രീജ ടി.കെ.യുടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാല സേവനം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.256/2025/POWER തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:- 1. സ.ഉ.(സാധാ.) നം. 211/2023/പവർ തീയതി 27.11.2023.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 09.10.2025 തീയതിയിലെ സി.ഇ.ഐ./6096/2024-ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി.ശ്രീജ ടി.കെ.(പെൻ: 241062) പരാമർശം (1)ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ 30.11.2023 പൂർവ്വാഹ്നത്തിൽ ഉദ്യോഗക്കയറ്റം മുഖേന ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതായും നിരീക്ഷണ കാലയളവിൽ രണ്ട് ദിവസം മുൻചേർത്തും രണ്ട് ദിവസം പിൻചേർത്തും ആറ് ദിവസത്തെ പരിവർത്തിതാവധി എടുത്തിട്ടുണ്ടെന്നും നിരീക്ഷണ കാലയളവിൽ ടിയാളുടെ ജോലി, സ്വഭാവം എന്നിവ തൃപ്തികരമായിരുന്നുവെന്നും ടിയാൾക്കെതിരെ വിജിലൻസ് കേസോ വകുപ്പുതല അന്വേഷണമോ മറ്റ് അച്ചടക്കനടപടികളോ നിലവിലില്ലെന്നും ആയതിനാൽ ടിയാളുടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം 09.06.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയ ശ്രീമതി.ശ്രീജ ടി.കെ-യുടെ(പെൻ: 241062) ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം 09.06.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SHAHNA KUMARI S L**
അണ്ടർ സെക്രട്ടറി

ചീഫ് ഇലക് ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീമതി.ശ്രീജ ടി.കെ, ഇലക് ട്രിക്കൽ ഇൻസ്പെക്ടർ, ഇലക് ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് (ചീഫ് ഇലക് ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ //ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Manoj S**
**Date: 22-12-2025 15:51:32**

സെക്ഷൻ ഓഫീസർ